**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1579** **13-02-2025 - ൽ മറുപടിയ്ക്ക്**

**തെറ്റായി ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി അതിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഉൾപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുമുള്ള അപേക്ഷകളിന്മേൽ തീരുമാനം വേഗത്തിലാക്കാനും ഓരോ അപേക്ഷയും തീർപ്പ് കൽപ്പിക്കുന്നതിന് ഒരു പരമാവധി സമയം തിട്ടപ്പെടുത്താനാകുമോയെന്ന് വ്യക്തമാക്കാമോ? | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി അതിൽ നിന്ന് നീക്കം ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് സമർപ്പിക്കുന്ന അപേക്ഷകൾ (ഫോറം 5 അപേക്ഷകൾ) തീർപ്പാക്കുന്നതിനുള്ള കാലയളവ് 3 മാസമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷകളുടെ ബാഹുല്യം നിമിത്തം ഈ നിബന്ധന പാലിക്കാനാവാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അപേക്ഷകൾ തീർപ്പാക്കുമ്പോൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(സി) പ്രകാരം, താലൂക്ക് ഓഫീസിലും, വില്ലേജ് ഓഫീസിലും സ്വീകരിക്കേണ്ട ഭൂരേഖകളിലെ മാറ്റങ്ങൾ സംബന്ധിച്ച നടപടികൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് 05.08.2023-ലെ സ.ഉ.(സാധാ)നം.2886/2023/RD പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി, അപ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഇതനുസരിച്ച് സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ തരം മാറ്റ ഉത്തരവ് ലഭിച്ചാൽ, പരമാവധി ഒരാഴ്ചക്കുള്ളിൽ, ഭൂരേഖകളിൽ മാറ്റം വരുത്തി ഭൂനികുതി ഒടുക്കുവരുത്തുവാൻ കഴിയുന്നതാണ്. സബ് ഡിവിഷൻ ആവശ്യമായി വരുന്ന കേസുകളിൽ സർവേ നടപടികൾ താൽക്കാലികമായി മാറ്റിവെച്ചും ഭൂനികുതി ഒടുക്കു വരുത്തുവാൻ ഇപ്പോൾ സാദ്ധ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ 27.06.2024-ലെ സ.ഉ.അച്ചടി)നം.140/2024/RD, 28.06.2024-ലെ സ.ഉ.(അച്ചടി)നം.142/2024/RD എന്നീ ഉത്തരവുകൾ പ്രകാരം 27 സബ് കളക്ടർ/ആർ.ഡി.ഒ-മാർ കൈകാര്യം ചെയ്തിരുന്ന കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമിതരംമാറ്റവുമായി ബന്ധപ്പെട്ട അധികാരങ്ങൾ 71 ഡെപ്യൂട്ടി കളക്ടർമാർ/ ആർ.ഡി.ഒ/ സബ്കളക്ടർമാരിലേക്ക് വികേന്ദ്രീകരിച്ച് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തരം മാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സൗജന്യ തരംമാറ്റത്തിന് അർഹമായ ഫോറം 5, ഫോറം 6 അപേക്ഷകൾ തീർപ്പാക്കുന്നതിന് താലൂക്ക് തലത്തിൽ 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെ അദാലത്ത് സംഘടിപ്പിച്ച്, അപ്രകാരമുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മുൻ ഗണനാക്രമം കൃത്യമായി പാലിച്ചും, റിപ്പോർട്ടുകൾ ലഭ്യമാക്കിയും ആവശ്യമെങ്കിൽ നേരിട്ട് സ്ഥല പരിശോധന നടത്തിയും നിയമ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വളരെ സൂക്ഷ്മതയോടെയും, അവധാനതയോടെയുമാണ് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നത്. ദിനം പ്രതി പുതിയ അപേക്ഷകൾ ധാരാളമായി ലഭിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. എന്നിരുന്നാലും, പരമാവധി വേഗത്തിൽ ഫയൽ തീർപ്പാക്കൽ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ